**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി - ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെപോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കൽ - പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.358/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/02/2021

---

പരാമർശം:- 1 സ.ഉ.(കൈ)നം. 112/2020/തസ്വഭവ തീയതി 27/07/2020.

2 സ.ഉ (സാധാ) നം.1704/2020/തസ്വഭവ തീയതി 22/09/2020.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18/09/2020, 04/01/2021 തീയതികളിലെ ലൈഫ് 2020 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ വിട്ടുപോയ അർഹരായ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നുവെന്നും അതു പ്രകാരം അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2020 ആഗസ്റ്റ് 14 വരെയും അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി 2020 സെപ്റ്റംബർ 30 വരെയും അപേക്ഷകൾ സ്വീകരിച്ച ശേഷം അന്തിമ പട്ടിക തയ്യാരാക്കുന്നതുവരെയുള്ള നടപടി ക്രമങ്ങൾ പ്രവർത്തന കലണ്ടറായും ഉൾപ്പെടുത്തിരുന്നു. തുടർന്ന് അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം 2020 സെപ്റ്റംബർ 23 വരെ ദീർഘിപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ സ്വീകരിച്ച ശേഷം അന്തിമ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള നടപടി ക്രമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിക്കിന്നതിനായി ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിൻപ്രകാരം ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ ഗുണഭോക്താക്കളുടെ ഗുണഭോക്തൃപട്ടിക തയ്യാറാക്കുന്നതിന് 2020 സെപ്റ്റംബർ 23 വരെ സ്വീകരിച്ച അപേക്ഷകളിന്മേൽ തുടർനടപടിക്ക് ചുവടെ ചേർക്കുന്ന പുതുക്കിയ പ്രവർത്തന കലണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു-

**<u>പ്രവർത്തന കലണ്ടർ</u>**

| | |
|---|---|
| ലഭ്യമായ അപേക്ഷകളുടെ ലിസ്റ്റ് പ്രസിദ്ധീകരണം | 11/02/2021 |
| അപേക്ഷകളുടെ പരിശോധനയ്ക്കായി ഉദ്യോഗസ്ഥരെ നിയമിക്കൽ ( ഒരു വാർഡിന് ഒരാൾ ) | 15/02/2021 |
| ഫീൽഡ് തല പരിശോധനാ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം | 18/02/2021 മുതൽ 27/02/2021 വരെ |
| അപേക്ഷകളുടെ ഫീൽഡ് തല പരിശോധന | 01/03/2021 മുതൽ 20/03/2021 വരെ |
| കരട് ലിസ്റ്റ് പ്രസിദ്ധീകരണം | 22/03/2021 |
| ഒന്നാം ഘട്ടം അപ്പീൽ സ്വീകരിക്കൽ | 22/03/2021 മുതൽ 29/03/2021 വരെ |
| ഒന്നാം ഘട്ട അപ്പീലുകളുടെ പരിശോധനയും തീർപ്പാക്കലും | 01/04/2021 മുതൽ 07/04/2021 വരെ |
| പട്ടിക പ്രസിദ്ധീകരണം | 08/04/2021 |
| രണ്ടാം ഘട്ടം അപ്പീൽ സ്വീകരിക്കൽ | 09/04/2021 മുതൽ 15/04/2021 വരെ |
| രണ്ടാം ഘട്ട അപ്പീലുകളുടെ പരിശോധനയും തീർപ്പാക്കലും | 16/04/2021 മുതൽ 26/04/2021 വരെ |
| ഗ്രാമസഭ അംഗീകാരം | 20/05/2021- നകം |
| തദ്ദേശ സ്വയംഭരണസ്ഥാപന ഭരണസമിതി അംഗീകാരം | 31/05/2021 - നകം |
| അന്തിമ പട്ടിക പ്രസിദ്ധീകരിക്കൽ | 31/05/2021 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്) തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by REENAMMA P A
Date: 2021.02.10 12:05:18 IST
Reason: Approved
സെക്ഷൻ ഓഫീസർ